പത്രക്കുറിപ്പ്

23.05.2017

## വൈവിധ്യമാർന്ന കുടുംബശ്രീ ഉൽപ്പന്നങ്ങളുമായി

## ഇന്ന് വിപണന മേളക്കു തുടക്കം

### വിപണനമേളയ്ക്ക് നിറം പകരാൻ ഭക്ഷ്യമേളയും സാസ്കാരിക സന്ധ്യയും

ആലപ്പുഴ : കുടുംബശ്രീ പത്തൊമ്പതാമത് സംസ്ഥാന വാർഷികാഘോഷങ്ങളുടെ ഭാഗമായി കുടുംബശ്രീ സംഘാടകർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളുടെ പ്രദർശന വിപണനമേളയ്ക്ക് ഇന്നു ടൗൺ ഹാളിൽ തുടക്കം. 14 ജില്ലകളിൽ നിന്നായി എഴുപതോളം യൂണിറ്റുകളും സംരംഭകരുമാണ് മേളയിൽ പങ്കെടുക്കുക.

തനിമയും കേരളീയതയും പരിശുദ്ധിയും മുഖമുദ്രയാക്കിയ കുടുംബശ്രീ ഉൽപന്നങ്ങളുടെ ഒരു നീണ്ട നിര തന്നെ വിപണനമേളയിൽ ഒരുക്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ നിന്നുമാത്രം 25 സംരംഭക യൂണിറ്റുകളാണ് മേളയിൽ പങ്കെടുക്കുന്നത്. വെളിച്ചെണ്ണ, ഉണക്കമത്സ്യം, കറിപൗഡറുകൾ, തേൻ, കയർ ഉൽപന്നങ്ങൾ എന്നിവയാണ് ജില്ലയിൽ നിന്നുള്ള സംരംഭകർ മേളയ്ക്കെത്തിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ ബ്രഹ്മി ഉൽപന്നങ്ങൾ, ജൈവഉൽപന്നങ്ങൾ, മുള, പായൽ എന്നിവ കൊണ്ടു തയ്യാറാക്കിയ വിവിധ ഉൽപന്നങ്ങൾ, വൈക്കോൽ ചിത്രങ്ങൾ, ജൈവഅരിയും അതിൽ നിന്നുള്ള മൂല്യ വർധിത ഉൽപന്നങ്ങളും, പ്രകൃതി സൗഹൃദ ബാഗുകൾ, കരകൗശല വസ്തുക്കൾ, ആറൻമുളക്കണ്ണാടി, ചക്ക ഉൽപന്നങ്ങൾ, തഴ കൊണ്ടുള്ള ഉൽപന്നങ്ങൾ, അമൃതം ന്യൂട്രി മിക്സ് കൊണ്ടുള്ള മൂല്യവർധിത ഉൽപന്നങ്ങൾ എന്നിവയും മേളയിലുണ്ട്. എല്ലാ ജില്ലകളിൽ നിന്നുമുള്ള സംരംഭകർ മേളയ്ക്കെത്തിയിട്ടുണ്ട്.

വിപണനമേളയ്ക്കൊപ്പം തിരുവിതാംകൂർ കൊച്ചി മലബാർ രുചികളുടെ വ്യത്യസ്ത

രുചിക്കൂട്ടുകൾ വിളമ്പാൻ കഫേ കുടുംബശ്രീയുടെ 'ഭക്ഷ്യമേളയുമുണ്ട്. ആലപ്പുഴ, ഇടുക്കി, കോഴിക്കോട്, കണ്ണൂർ, മലപ്പുറം ജില്ലകളിൽ നിന്നുള്ള യൂണിറ്റുകളാണ് ഭക്ഷ്യമേളയിൽ സ്വാദിഷ്ഠമായ ഭക്ഷണവിഭവങ്ങളൊരുക്കുന്നത്.

വിപണനമേളയോടനുബന്ധിച്ച് എല്ലാ ദിവസവും വൈകുന്നേരം അഞ്ചു മുതൽ എട്ടു വരെ വിവിധ സാസ്കാരിക പരിപാടികളും അരങ്ങേറും.